(ബി) സെൻട്രൽ പർച്ചേസ് കമ്മിറ്റി വഴി ആവശ്യമുള്ള മരുന്നുകൾ ലഭ്യമാക്കുന്നുണ്ട്. അത്യാവശ്യ ഘട്ടങ്ങളിൽ ലോക്കൽ പർച്ചേസ് വഴിയും ലഭ്യമാക്കാറുണ്ട്.

പരിയാരം മെഡിക്കൽ കോളേജ് ഏറ്റെടുക്കുന്നതിനുള്ള നടപടി

130 (141) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരിയാരം മെഡിക്കൽ കോളേജ് ഗവൺമെന്റ് ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായോ എന്ന് വ്യക്തമാക്കുമോ ;

(ബി) ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത സ്ഥാപനത്തിന് മെഡിക്കൽ കൗൺസിലിന്റെ സമ്പൂർണ്ണ അംഗീകാരം ലഭിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) പരിയാരം മെഡിക്കൽ കോളേജ് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചു വരുന്നു.

(സി&ഡി) ഈ സ്ഥാപനത്തിന് വർഷംതോറുമാണ് മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭിച്ചുകൊണ്ടിരിക്കുന്നത്. 1999-2000 വരെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രികളിലെ ജീവനക്കാരെക്കുറിച്ചും ചികിത്സാ സംബന്ധമായ കാര്യങ്ങളെക്കുറിച്ചും പരാതി

131 (142) ശ്രീമതി ശോഭനാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ രണ്ട് വർഷം തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ ജീവനക്കാരെക്കുറിച്ചും ചികിത്സാ സംബന്ധമായ കാര്യങ്ങളെക്കുറിച്ചും എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) അവയിൽ എത്ര എണ്ണത്തിൻമേൽ നടപടി എടുത്തു എന്ന് വ്യക്തമാക്കാമോ;

(സി) നടപടി സ്വീകരിച്ചവ സംബന്ധിച്ച് പരാതിക്കാർക്ക് മറുപടി നൽകിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ഇ) പരാതി നൽകുന്നവർക്ക് മൂന്ന് മാസത്തിനുള്ളിൽ മറുപടി നൽകുവാനുള്ള നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പതിമൂന്ന് (13) പരാതികൾ.

(ബി) എല്ലാ പരാതികളിൻമേലും നടപടി എടുത്തു.

(സി) ഉണ്ട്.

(ഡി) ബാധകമല്ല.

(ഇ) നടപടി സ്വീകരിക്കാവുന്നതാണ്.

തിരുവനന്തപുരം മെഡിക്കൽ കോളേജിലെ മൈക്രോബയോളജി ലാബുകൾ

132 (143) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ മൈക്രോബയോളജി ലാബുകൾ പ്രവർത്തിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവിടെ ആവശ്യമുള്ള ടെക്നീഷ്യൻമാരെ നിയമിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) അത്യാസന്ന നിലയിൽ ആശുപത്രിയിലെത്തുന്ന രോഗികളുടെ രക്ത പരിശോധന നടത്തി രോഗനിർണ്ണയം നടത്തുന്നതിന് അവശ്യം പ്രവർത്തിക്കേണ്ട മൈക്രോബയോളജി ലാബുകൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇത് സംബന്ധിച്ച പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആവശ്യമായ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

ആയുർവേദ വകുപ്പിൽ രണ്ടാം ഗ്രേഡ് ഫാർമസിസ്റ്റുകളുടെ ഒഴിവുകൾ

133 (144) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആയുർവേദ വകുപ്പിൽ രണ്ടാം ഗ്രേഡ് ഫാർമസിസ്റ്റുകളുടെ ഒഴിവുകളുടെ വിവരം ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(ബി) ഈ വകുപ്പിലെ രണ്ടാം ഗ്രേഡ് ഫാർമസിസ്റ്റ് തസ്തികയിലേക്ക് താഴ്ന്ന തസ്തികയിൽ ജോലി നോക്കുന്നവരിൽ നിന്നും പ്രൊമോഷൻ വഴിയോ തസ്തികമാറ്റം വഴിയോ നിയമിക്കാറുണ്ടോ ; എങ്കിൽ ഇവർക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ എന്തെല്ലാമാണ് ;

LIBRARY ARCHIVES Kerala Legislative Assembly